www.malankaralibrary.com




തൊഴിൽ എപ്പോഴും ശാശ്വതവും മൗലികവുമാണ്. തൊഴിലിന് എന്നും പ്രസക്തിയുണ്ട്. മനുഷ്യജീവിതം പടുത്തുയർത്തപ്പെടുന്നത് തൊഴിൽ കൊണ്ടാണ്. മനുഷ്യജീവിതത്തിന്റെ മഹത്വം തൊഴിലിലാണ്. എന്നാൽ അതിൽ ചിലപ്പോഴൊക്കെ അനീതി കടന്നു വരാറുണ്ട്. മനുഷ്യൻ തന്റെ പ്രയത്നം കൊണ്ടാണ് അപ്പം ഭക്ഷിക്കുന്നത് എന്ന കാര്യം മറക്കാനാവില്ല. എന്നാൽ വിവിധങ്ങളായ മാനസിക സംഘർഷങ്ങൾ, പ്രതിസന്ധികൾ എന്നിവയുടെ മധ്യത്തിൽ കഴിഞ്ഞുമാണ് മനുഷ്യൻ അപ്പം ഭക്ഷിക്കുക. തൊഴിൽ എന്നത് സാമൂഹിക പ്രശ്നത്തിന്റെ കേന്ദ്രമാണ്. തൊഴിലിന് മനുഷ്യനോളം അവന്റെ ജീവിതത്തോളവും പഴക്കമുണ്ട്.

മനുഷ്യന്റെ അസ്ഥിത്വത്തിന്റെ അടിസ്ഥാനമാണ് തൊഴിൽ. സഭ മനുഷ്യനിൽ വിശ്വസിക്കുന്നു. സഭ മനുഷ്യനെപ്പറ്റി ചിന്തിക്കുന്നു. സഭയിൽ സംഭവിക്കുന്നത് ചരിത്രസംഭവത്തിന്റെ വെളിച്ചത്തിൽ മാത്രമല്ല പിന്നെയോ ജീവിക്കുന്ന ദൈവം വെളിപ്പെടുത്തിയ വചനത്തിന്റെ വെളിച്ചത്തിലാണ്. “ദൈവത്തിന്റെ ഛായയിൽ .... സ്ത്രീയും പുരുഷനുമായി” സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഈ വാക്കുകൾ കേൾക്കുന്നു. “ഫലപുഷ്ടിയുള്ളവനായിരിക്കുക, പെരുകി ഭൂമി നിറഞ്ഞ് അതിന് കീഴടക്കുക”. ഈ വാക്കുകൾ അദ്ധ്വാനത്തെ സൂചിപ്പിക്കുന്നില്ല. എങ്കിലും ഈ ലോകത്ത് അവൻ നിർവ്വഹിക്കേണ്ട പ്രവർത്തനത്തെ പരോക്ഷമായി സൂചിപ്പിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ആ വാക്കുകൾ തൊഴിലിന്റെ അഗാധമായ സത്തയെ കാണിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ പ്രതിച്ഛായ ആയിരിക്കുന്നത് ഭൂമിയെ കീഴടക്കി അതിന്റെ മേൽ അധീശത്വം നേടാനുള്ള കല്പന ലഭിച്ചതുകൊണ്ടും കൂടിയാണ്. തൊഴിൽ മനുഷ്യൻ എന്ന ക്യാൻവാസിൽ നിന്ന് തുടങ്ങുകയും ബാഹ്യമായ ഒരു വസ്തുവിനെ ലക്ഷ്യം വയ്ക്കുകയും ചെയ്യുന്നു. തൊഴിൽ മനുഷ്യന്റെ അധീശത്വത്തെ ഉറപ്പിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലുള്ള “ഭൂമി” എന്ന പദത്തിന് ദൃശ്യപ്രപഞ്ചത്തിൽ മനുഷ്യൻ വസിക്കുന്ന ഭാഗം എന്നാണ് ഒന്നാമതായി മനസ്സിലാക്കേണ്ടത്.

മനുഷ്യൻ ഭൂമിയുടെമേൽ ആധിപത്യം നേടുന്നത് തൊഴിലിനായാണ്, തൊഴിലിലൂടെയാണ്. ഭൂമിയിൽ കൃഷി ചെയ്യാൻ തുടങ്ങുകയും അതിന്റെ വിഭവങ്ങളെ സ്വന്തം ഉപയോഗത്തിന് ചേർന്ന വിധത്തിൽ രൂപന്തരപ്പെടുത്തുകയും ചെയ്യുമ്പോൾ മനുഷ്യൻ ഭൂമിയുടെമേൽ കൂടുതൽ ആധിപത്യം നേടുന്നു. വ്യവസായത്തിലും കൃഷിയിലും മനുഷ്യന്റെ തൊഴിൽ ഇന്നു പല അവയവങ്ങളുടെയും, പേശികളുടെയും അദ്ധ്വാനത്തെ കൂടുതൽ പൂർണ്ണതയുള്ള യന്ത്രങ്ങൾ സഹായിച്ചുകൊണ്ടിരിക്കുന്നു. യന്ത്രവൽക്കരണം മൂലം അനേകം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമ്പോഴും യന്ത്രത്തിന് അമിത പ്രാധാന്യം നല്കുകയാൽ മനുഷ്യനെ യന്ത്രത്തിന്റെ നിലയിലേക്ക് താഴ്ത്തുകയും ചെയ്യുന്നു.

മനുഷ്യൻ ദൈവത്തിന്റെ പ്രതിഛായ എന്ന നിലയിൽ ഒരു വ്യക്തിയാണ്. അവൻ തന്നെപ്പറ്റി തീരുമാനമെടുക്കാൻ കഴിവുള്ളവനാണ്. ഒരു വ്യക്തി എന്ന നിലിയൽ മനുഷ്യൻ തൊഴിലിന്റെ കർത്താവാണ്. ഒരു വ്യക്തി എന്ന നിലയിൽ അവൻ തൊഴിൽ ചെയ്യുന്നു. അതിന്റെയെല്ലാം ഉള്ളടക്കം അവന്റെ മനുഷ്യത്വത്തെ സാക്ഷാത്കരിക്കുന്നവയായിരിക്കണം. മനുഷ്യനും മനുഷ്യവംശവും ഭൂമിയെ കീഴടക്കുന്ന പ്രക്രിയയായിട്ടാണ് തൊഴിലിനെ കാണേണ്ടത്. മെയ്-1 നാണ് ലോക തൊഴിലാളി ദിനം.

**ഫാ. മാത്യു ചിറയിൽ**